**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.225** **12/01/2021-ൽ മറുപടിക്ക്**

**ഐ.ടി. പാർക്കുകളുടെ വിസ്തൃതി**

| **ചോദ്യം** | | | **മറുപടി** |
|---|---|---|---|
| **ശ്രീ.ബി .സത്യൻ** | | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഐ.ടി. പാർക്കുകളുടെ വിസ്തൃതി എത്ര ചതുരശ്രയടിയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ മൂന്ന് ഗവൺമെന്റ് ഐ.ടി പാർക്കുകളിലുമായി 145.22 ലക്ഷം ച.അടി അടിസ്ഥാന കെട്ടിട സൗകര്യങ്ങൾ ഉണ്ടായിരുന്നു. (ടെക്നോപാർക്ക് 85.1 ലക്ഷം ച.അടി, ഇൻഫോപാർക്ക് 60 ലക്ഷം ച.അടി, സൈബർപാർക്ക് 12000 ച.അടി). |
| ബി) | ഇപ്പോൾ എത്ര ചതുരശ്രയടിയായി വികസിപ്പിച്ചിട്ടുണ്ട്; | ബി) | ഈ കാലയളവിൽ പുതുതായി വികസിപ്പിച്ച 52.48 ലക്ഷം ച.അടി ഉൾപ്പെടുത്തി മൂന്ന് ഐ.ടി പാർക്കുകളുടെ വിസ്തൃതി ഇപ്പോൾ 197.70 ലക്ഷം ച.അടി ആയി വർദ്ധിച്ചിട്ടുണ്ട്. (ടെക്നോപാർക്ക് 17.6 ലക്ഷം ച.അടി, ഇൻഫോപാർക്ക് 32 ലക്ഷം ച.അടി, സൈബർപാർക്ക് 2.88 ലക്ഷം ച.അടി എന്നിങ്ങനെ ഈ കാലയളവിൽ വികസിപ്പിച്ചിട്ടുണ്ട്). |
| സി) | തുടർന്ന് എത്രയടിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ടെക്നോപാർക്ക് 91 ലക്ഷം ച.അടി, ഇൻഫോപാർക്ക് 12.12 ലക്ഷം ച.അടി സൈബർ പാർക്ക് 3 ലക്ഷം ച.അടി എന്നിങ്ങനെ മൂന്ന് ഐ.ടി പാർക്കുകളിലെ തുടർ പദ്ധതികളിലൂടെ ഏകദേശം 106.12 ലക്ഷം ച.അടി വർദ്ധനവ് കൂടി ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**